പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3011 13.10. 2011-ൽ മറുപടിക്ക്.

## ചാലക്കുടിയിൽ എം. എ. സി. റ്റി. കോടതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ)ചാലക്കുടിയിൽ എം. എ. സി. റ്റി. കോടതി ആരംഭിക്കേണ്ടതിന്റെ ആവശ്യകതയും അതിനുള്ള അപേക്ഷയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | : (എ) ചാലക്കുടിയിൽ എം.എ.സി.റ്റി. കോടതി സ്ഥാപിക്കുന്ന കാര്യം ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) കേരളത്തിൽ ഗ്രാമീണ കോടതികളും സായാഹ്ന-കോടതികളും പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്നും എന്നു മുതൽ പ്രവർത്തനം ആരംഭിക്കും എന്നും വ്യക്തമാക്കാമോ ; ആയതിലേക്കായി ജീവനക്കാരുടെ വിന്യാസവും തസ്തികകൾ അനുവദിക്കുന്നതും അടക്കമുള്ള നടപടികൾ വിശദമാക്കാമോ ? | : (ബി) 01.03.2011-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ:86/2011/ഹോം പ്രകാരം സംസ്ഥാനത്ത് 30 ബ്ലോക്കുകളിൽ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കാൻ ഉത്തരവായി. ഗ്രാമന്യായാലയ-ങ്ങൾക്കായുള്ള കരട് ചട്ടങ്ങളുടെ രൂപീകരണം അന്തിമ ഘട്ടത്തിലാണ്. ഗ്രാമന്യായാലയങ്ങളുടെ പ്രവർത്തന-ത്തിനായി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

| | |
|---|---|
| ന്യായാധികാരി | - 1 |
| സെക്രട്ടറി | - 1 |
| ക്ലാർക്ക് | - 3 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | - 1 |
| ആമീൻ | - 1 |
| പ്യൂൺ/പ്രോസസ്സ് സർവർ | - 4 |
| ഡ്രൈവർ | - 1 |
| പാർട്ട് ടൈം സ്വീപ്പർ | - 1 |
| **ആകെ** | - 13 |

(............2/-)

സംസ്ഥാനത്ത് അഞ്ച് സായാഹ്ന കോടതികൾ അനുവദിച്ചിട്ടുണ്ട്. അതിൽ തിരുവനന്തപുരത്തെ സായാഹ്നകോടതി 03.08.2011 മുതൽ പ്രവർത്തനമാരംഭി-ച്ചിട്ടുണ്ട്. മറ്റുള്ളവയുടെ പ്രവർത്തനവും ഉടൻ ആരംഭിക്കുന്നതാണ്. കേരള ജുഡീഷ്യൽ സർവ്വീസിലെ മുൻസിഫ് -മജിസ്ട്രേറ്റ് കേഡറിലുള്ള ഒരു ന്യായാധി-പനായിരിക്കും സായാഹ്ന കോടതിയുടെ പ്രിസൈഡിംഗ് ഓഫീസർ. അതാത് സ്റ്റേഷനിലെ സിവിൽ/ക്രിമിനൽ കോടതികളിൽ നിന്നും ഓരോ ക്ലാർക്കിനെയും, പ്യൂണിനെയും റൊട്ടേഷൻ അടിസ്ഥാനത്തിൽ സായാഹ്നകോടതികളുടെ പ്രവർത്തനത്തിനായി വിന്യസിക്കും. സായാഹ്നകോടതികൾക്കു മാത്രമായി തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ